സംസ്ഥാന കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളു. കൂടാതെ ജി.ഒ.(ആർ.റ്റി)നമ്പർ 1906/2010 ത.സ്വ.ഭ.വ. തീയതി 9-6-2010 പ്രകാരം റോഡ് നവീകരണ പദ്ധതിയിൽപ്പെടുത്തി 284.20 കോടി രൂപ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്ക് നടപ്പുവർഷം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) പുതിയ തീരുമാനം 2011-12 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പദ്ധതി തുക യഥാസമയം ലഭ്യമാക്കാൻ നടപടി

122(330) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പദ്ധതി ചെലവിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ ആകെ തുക എത്ര ;

(ബി) എത്ര ഗഡുക്കളായിട്ടാണ് ഈ തുക അനുവദിച്ചിട്ടുള്ളത് ;

(സി) ഓരോ ഗഡുക്കളുടെ തുകയും അവ റിലീസ് ചെയ്ത തീയതിയും വ്യക്തമാക്കുമോ ;

(ഡി) പദ്ധതി തുക യഥാസമയം ലഭ്യമാക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം ;

(ഇ) ഈ തുക യഥാസമയം റിലീസ് ചെയ്യുന്നതിന് സർക്കാരിന് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ വ്യക്തമാക്കുമോ ;

(എഫ്) ഇത് പരിഹരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഡ്ജറ്റിൽ 2009.62 കോടി രൂപ (തനി)വകയിരുത്തിയിട്ടുണ്ട്. കൂടാതെ 90 കോടി രൂപ റോഡ് മെയിന്റനൻസിനായി അനുവദിച്ചിട്ടുണ്ട്.

(ബി) മേയ് മുതൽ ഫെബ്രുവരി വരെയുള്ള പത്ത് ഗഡുക്കളായിട്ടാണ് അനുവദിക്കുന്നത്.

(സി) അനുബന്ധമായി നൽകിയിരിക്കുന്നു.*

(ഡി) പദ്ധതി തുക യഥാസമയം ലഭ്യമാക്കുന്നുണ്ട്.

(ഇ) യഥാസമയം റിലീസ് ചെയ്ത് വരുന്നു.

(എഫ്) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly